**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2058** **14-10-2024 - ൽ മറുപടിയ്ക്ക്**

**സ്വർണ്ണം പിടിച്ചെടുത്ത കേസുകളുടെ വിശദാംശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് 2019 മുതൽ നാളിതുവരെ എത്ര സ്വർണ്ണം പിടിച്ചെടുത്ത കേസുകൾ ഉണ്ടായിട്ടുണ്ട് എന്ന് വിശദമാക്കുമോ; | (എ) | സ്വർണ്ണ ഇറക്കുമതിയുമായി ബന്ധപ്പെട്ട വിഷയം കേന്ദ്ര സർക്കാരിന്റെ അധികാരത്തിലാണ്. 2019 മുതലുള്ള, സ്വർണ്ണം പിടിച്ചെടുത്ത കേസുകളുടെ വിവരം കസ്റ്റംസ് വകുപ്പ് സംസ്ഥാന സർക്കാരിന് കൈമാറിയിട്ടില്ല. |
| (ബി) | പ്രസ്തുത കേസുകൾ ഏതെല്ലാം പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തുവെന്ന് അറിയിക്കുമോ; ഇതിൽ നിന്നും പിടിച്ചെടുത്ത സ്വർണത്തിന്റെ അളവ്, കേസുകളിൽ പ്രതികളായവരുടെ പേര്, വിലാസം തുടങ്ങിയ വിശദാംശങ്ങൾ പോലീസ് സ്റ്റേഷൻ, വർഷം, കേസ് എന്നിവ തിരിച്ച് ലഭ്യമാക്കുമോ; | (ബി) | സ്വർണ്ണ ഇറക്കുമതിയുമായി ബന്ധപ്പെട്ട വിഷയം കേന്ദ്ര സർക്കാരിന്റെ അധികാരത്തിലാണ്. 2019 മുതലുള്ള, സ്വർണ്ണം പിടിച്ചെടുത്ത കേസുകളുടെ വിവരം കസ്റ്റംസ് വകുപ്പ് സംസ്ഥാന സർക്കാരിന് കൈമാറിയിട്ടില്ല. |
| (സി) | ഇത്തരം സ്വർണ ഇടപാടുകളിലെ പണം ദേശവിരുദ്ധ, തീവ്രവാദ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതായ വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (സി) | സ്വർണ്ണ ഇറക്കുമതി ചുങ്കം കേന്ദ്ര സർക്കാരിന്റെ അധികാരപരിധിയിൽപ്പെട്ട വിഷയമാണ്. (ഭരണഘടനയുടെ ഏഴാം ഷെഡ്യൂൾ, ഇനം 83). ഇത്തരം ഒരു വിവരവും കസ്റ്റംസ് വകുപ്പ് സംസ്ഥാന സർക്കാരിന് ഔദ്യോഗികമായി കൈമാറിയിട്ടില്ല. |
| (ഡി) | കള്ളക്കടത്ത് സ്വർണം എയർപോർട്ടിലെ കസ്റ്റംസ് പിടിക്കാതെ എയർപോർട്ടിന് പുറത്ത് പോലീസ് പിടിക്കുന്നത് സംബന്ധിച്ച് പോലീസ് -കസ്റ്റംസ് ഉദ്യോഗസ്ഥർ തമ്മിൽ ഏതെങ്കിലും തരത്തിലുള്ള അവിഹിത ബന്ധമുണ്ടോ എന്ന് അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | ഉപോദ്ബലകമായ തെളിവുകളോടെയുള്ള പരാതിയൊന്നും സർക്കാരിന് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ